മൂവാറ്റുപുഴ സബൈൻ ഹോസ്പിറ്റൽ ഉടമ ഡോ: സബൈനെ ഭീഷണിപ്പെടുത്തി പണം തട്ടിയ കേസിൽ പ്രതി പിടിയിൽ. ഇടുക്കി ശാന്തൻപാറ വെള്ളക്കാം കുടി ബിനു മാത്യു (കരാട്ടെ ബിനു 42) ആണ് റൂറൽ ജില്ലാ സി ബ്രാഞ്ചിൻറെ പിടിയിലായത്. 2019 ൽ ആണ് സംഭവം. മാധ്യമ പ്രവർത്തകനാണെന്ന് പരിചയപ്പെടുത്തി ഇയാൾ ആശുപത്രിയെക്കുറിച്ച് ഡോക്യുമെൻററി നിർമ്മിക്കാനെന്ന രീതിയിൽ ഡോക്ടറെ സമീപിക്കുകയായിരുന്നു. ചിത്രീകരണത്തിനു ശേഷം ദൃശ്യങ്ങൾ അപകീർത്തികരമായി ഉപയോഗപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തി 5 ലക്ഷം രൂപ ആവശ്യപ്പെട്ടു, ചിത്രീകരണത്തിൻറെ പേരിൽ ഡോക്ടറിൽ നിന്നും പതിനായിരം രൂപ ഇയാൾ കൈക്കലാക്കി. ദൃശ്യങ്ങൾ മോശമായ രീതിയിൽ ചാനലുകളിലും, പത്രങ്ങളിലും, ഓൺലൈൻ പോർട്ടലുകളിലും പ്രസിദ്ധപ്പെടുത്തുമെന്ന് വീണ്ടും ഭീഷണി പെടുത്തിയപ്പോൾ ഡോക്ടർ തെളിവ് സഹിതം പോലീസിനെ സമീപിച്ചു. തുടർന്ന് ജില്ലാ പോലിസ് മേധാവി കെ. കാർത്തിക്കിൻറെ നേതൃത്വത്തിൽ സി ബ്രാഞ്ച് അന്വേഷണം ആരംഭിച്ചു. പിന്നിട് ഇയാൾ ഒളിവിൽ പോവുകയായിരുന്നു. പല സ്ഥലങ്ങളിലും മാറി മാറി താമസിച്ച ബിനു മാത്യുവിനെ എസ്.പി കെ. കാർത്തികിൻറെ നേതൃത്വത്തിൽ കർണ്ണാടകയിലെ കൂർഗിൽ നിന്നുമാണ് സാഹസികമായ് പിടികൂടിയത്. ഡി.വൈ.എസ്.പി വി. രാജീവ്, സബ് ഇൻസ്പെക്ടർ കെ.വി. ഹരിക്കുട്ടൻ, എ.എസ്.ഐ മാരായ കെ.എൽ. ഷാൻറി , എ.എ രവിക്കുട്ടൻ, സി.പി.ഒ നിയാസ് ബീരാൻ എന്നിവരും അന്വേഷണ സംഘത്തിലുണ്ടായിരുന്നു.